**2020-2021 അധ്യായന വർഷത്തിൽ CCEK-യുടെ NSDC കോഴ്സുകൾക്ക് അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സംവരണവുമായി ബന്ധപ്പെട്ടിട്ടുള്ള നിബന്ധനകൾ :**

Ref:-Approved vide Go (RT) No. 3229/2016/H.Edn. dated 25/11/2016

1. ഒരു തുടർവിദ്യാഭ്യാസ ഉപകേന്ദ്രത്തിൽ ആരംഭിച്ചിട്ടുള്ള ഓരോ കോഴ്സിനും അനുവദിച്ചിട്ടുള്ള മൊത്തം സീറ്റുകളുടെ 10% പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ ഓരോ കോഴ്സിനും മൊത്തം അനുവദിച്ചിട്ടുള്ള സീറ്റിന്റെ 5% SEBC/ OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 5% BPL വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശനം പൂർണമായും Index Mark-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് അനുസൃതമായിരിക്കും നടപ്പിലാക്കുന്നത്. Index Mark-ന്റെ അടിസ്ഥാനത്തിൽ സംവരണ സീറ്റുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൽ 50% ഇളവ് ലഭിക്കുന്നതാണ്.
2. വിദ്യാർത്ഥികൾക്ക് റിസർവേഷൻ കാറ്റഗറിയിൽ കോഴ്സിന് അപേക്ഷിക്കുന്നതിനായി രണ്ടു ഉപവിഭാഗങ്ങളിലായി പ്രത്യേകം എൻറോൾമെന്റ് ഷീറ്റുകൾ ലഭ്യമാണ്. SC/ST/SEBC/OEC റിസർവേഷൻ കാറ്റഗറിയിലേക്ക് അപേക്ഷിക്കുന്നതിനായി വിദ്യാർത്ഥികൾ ജനറൽ കാറ്റഗറി അപേക്ഷാഫോമിനോടൊപ്പം “FOR SC/ST/SEBC/OEC CATEGORY” എന്ന് പ്രത്യേകം രേഖപ്പെടുത്തിയ റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റും, BPL കാറ്റഗറിയിലേക്ക് അപേക്ഷിക്കുന്നതിനായി ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം "FOR BPL CATEGORY" എന്ന് പ്രത്യേകം രേഖപ്പെടുത്തിയ റിസർവേഷൻ കാറ്റഗറി എൻറോൾമെൻറ് ഷീറ്റും തെറ്റുകൂടാതെ പൂരിപ്പിച്ച് ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം അറ്റാച്ച് ചെയ്ത് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയ്യതിക്ക് മുൻപായി നിർദ്ദേശങ്ങൾക്കനുസൃതമായി വിദ്യാർത്ഥികൾ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ മേൽവിലാസത്തിലേക്ക് തപാൽ മാർഗ്ഗത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷാ ഫോമിലെ താഴെയുള്ള **Acknowledgement Slip** പ്രവേശനം നേടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും മുറിച്ചെടുത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ ഓൺലൈൻ എൻറോൾമെന്റ് പൂർത്തിയാക്കുന്നതുവരെ കൈയ്യിൽ സൂക്ഷിക്കേണ്ടതാണ്. Acknowledgement Slip-ൽ നൽകിയിരിക്കുന്ന ജനറൽ അപേക്ഷാ ഫോം നമ്പർ വിദ്യാർത്ഥികൾ ഓൺലൈൻ എൻറോൾമെന്റ് ചെയ്യുന്ന സമയത്ത് വെബ് പോർട്ടലിൽ ടൈപ്പ് ചെയ്ത് നൽകേണ്ടതാണ്.
4. കോഴ്സിന് പ്രവേശനം നേടുന്നതിനായി പൂരിപ്പിച്ച അപേക്ഷാ ഫോം മാത്രമേ നിലവിൽ വിദ്യാർത്ഥികൾ CCEK-യിലേക്ക് തപാൽ മാർഗ്ഗത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി സമർപ്പിക്കേണ്ടതുള്ളൂ. കോഴ്സിന് പ്രവേശനം നേടുന്നതിനുള്ള യോഗ്യത തെളിയിക്കുന്നതിനാവശ്യമായ എലിജിബിലിറ്റി സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ നടത്തുന്നതിനുവേണ്ടിയുള്ള തിയ്യതികൾ വിദ്യാർത്ഥികളെ ഔദ്യോഗികമായി ഫോൺ, ഇമെയിൽ, വെബ്സൈറ്റ് **(www.ccekcampus.org)** എന്നിവയിൽ ഏതെങ്കിലും മുഖേന അറിയിക്കുന്ന സമയത്ത് മാത്രമേ പരിശോധനക്കായി വിദ്യാർത്ഥികൾ ഹാജരാക്കേണ്ടതുള്ളൂ. സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കേണ്ട അവസാന തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല, കൂടാതെ സംവരണ സീറ്റുകളിലേക്ക് ലഭിക്കുന്ന അപേക്ഷകൾ അപൂർണ്ണമാണെങ്കിലും അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**SC / ST കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്:**

- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും.
- SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും.
- കാലാവധി തീരാത്ത ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ.

**SEBC / OEC കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്:**

- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും.
- SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും.
- പ്രസ്തുത വിദ്യാർത്ഥി SEBC/OEC കാറ്റഗറിയിലാണെന്ന് തെളിയിക്കുന്ന കാലാവധി തീരാത്ത സർട്ടിഫിക്കറ്റ്.

**BPL കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്:**

- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും.
- SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും.
- പ്രസ്തുത വിദ്യാർത്ഥി BPL ആണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.
- പ്രസ്തുത കോഴ്സിന് സംവരണം ലഭിക്കുന്നതിലേക്കായി നേടിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ കോപ്പി.

5. കോഴ്സിന് റിസർവേഷൻ കാറ്റഗറിയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ജനറൽ കാറ്റഗറി അപേക്ഷാ ഫോമിനോടൊപ്പം റിസർവേഷൻ കാറ്റഗറി എൻറോൾമെന്റ് ഷീറ്റ് ചേർത്ത് സമർപ്പിച്ചതിനു ശേഷം, അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയ്യതിക്ക് മുൻപായി CCEK-യുടെ **www.ccekcampus.org** എന്ന ഔദ്യോഗിക വെബ്സൈറ്റിലെ SECTION-II ൽ ലോഗിൻ ചെയ്ത് റിസർവേഷൻ ലഭിക്കുന്നതിനാവശ്യമായ വിവരങ്ങൾ തെറ്റുകൂടാതെ ടൈപ്പ് ചെയ്ത് നൽകിക്കൊണ്ട് ഓൺലൈൻ ഇന്റർവ്യൂ രജിസ്ട്രേഷൻ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. കോഴ്സിന് റിസർവേഷൻ കാറ്റഗറിയിൽ പ്രവേശനം നേടുന്നതിനായി അപേക്ഷാ ഫോമുകൾ സമർപ്പിക്കേണ്ടതിനായി തീരുമാനിച്ച് വിദ്യാർത്ഥികളെ അറിയിച്ച അവസാന തിയ്യതി വരേക്ക് വിദ്യാർത്ഥികൾക്ക് Section -II വിലെ "Edit Your Interview Registration Details" എന്ന ഓപ്ഷൻ ഉപയോഗിച്ച് ഇന്റർവ്യൂ രജിസ്ട്രേഷൻ ഡീറ്റെയിൽസിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്. ഇത്തരത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയ്യതിക്ക് മുൻപായി വെബ്സൈറ്റിൽ ഓൺലൈൻ ഇന്റർവ്യൂ രജിസ്ട്രേഷൻ പൂർത്തീകരിച്ച വിദ്യാർത്ഥികളെ മാത്രമേ ഓരോ ബാച്ചുകളിലും ലഭ്യമായ റിസർവേഷൻ കാറ്റഗറിയിലെ സീറ്റുകളിലേക്ക് പ്രവേശനം നേടുന്നതിനായി വിദ്യാർത്ഥികളുടെ Index Mark-നെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വെബ്സൈറ്റിൽ നിന്നും ജനറേറ്റ് ചെയ്യുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണിക്കുകയുള്ളൂ.
6. സംവരണ സീറ്റുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷാ ഫോമുകളും അനുബന്ധ രേഖകളും പരിശോധിച്ച് സംവരണ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പ്രസ്തുത റാങ്ക് ലിസ്റ്റ് **www.ccekcampus.org** എന്ന വെബ്സൈറ്റിലും, കോളേജിലെ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണ്. ഈ സംവരണ ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഫീ കൺസെഷൻ ലഭിക്കുകയുള്ളൂ. സംവരണത്തിനർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഏതെങ്കിലും തരത്തിൽ പരാതിയുള്ളവർ പ്രസ്തുത പരാതി കാരണ സഹിതം 5 പ്രവർത്തി ദിവസത്തിനുള്ളിൽ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. സംവരണ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾ നിഷ്കർഷിച്ചിട്ടുള്ള അഡ്മിഷൻ തിയ്യതിയിൽ തന്നെ നിർബന്ധമായും എൻറോൾമെന്റ് നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം സംവരണ വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും ക്രമമനുസരിച്ച് അർഹരായ മറ്റു വിദ്യാർത്ഥികളെ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്. സംവരണാടിസ്ഥാനത്തിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അവർക്ക് ലഭിച്ചിട്ടുള്ള ഫീസ് കാർഡ് തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ ക്ലാസ്സ് തുടങ്ങുന്നതിനുമുൻപായി സമർപ്പിച്ച് സംവരണാനുകൂല്യം ഫീസ് കാർഡിൽ സീൽ ചെയ്ത് വാങ്ങേണ്ടതാണ്.

**Help line: 86 06 919 314**